# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: .കെ.എസ്.എ.ടി.എസ്.ആർ.(പി7)1620/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 13/12/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: .കെ.എസ്.എ.ടി.എസ്.ആർ.(പി7)1620/24 തീയ്യതി: 13/12/2024

## തൃശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-10-2023 മുതൽ 17-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റെഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2024 | 23-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2024 | 23-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സബിത.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ജീജോ ജോബ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
സ്വാലിഹ്.സി.പി., ഓഡിറ്റർ
സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഷ്മ.ഇ.എസ്. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| സിന്ധു.ടി.പി. | സെക്രട്ടറി | 01-04-2023 | 23-04-2023 |
| സാജൻ സി ജേക്കബ്ബ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-04-2023 | 27-05-2023 |
| സിന്ധു.ടി.പി. | സെക്രട്ടറി | 28-05-2023 | 03-07-2023 |
| സാജൻ സി ജേക്കബ്ബ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2023 | 06-07-2023 |
| ശ്രീജിത്ത്.പി. | സെക്രട്ടറി | 07-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജ്യോതിരാജ്.പി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 14-07-2023 |
| ഷൈനി ബേബി.ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 15-07-2023 | 11-02-2024 |
| ജ്യോതിരാജ് പി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 12-02-2024 | 26-03-2024 |
| സിജോ ആന്റണി എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 27-03-2024 | 31-03-2024 |
| രാഗേഷ് സി.ആർ. | കൃഷി ഓഫീസർ | 01-04-2023 | 31-08-2023 |
| അമല ടി. | കൃഷി ഓഫീസർ | 01-09-2023 | 05-12-2023 |
| അനൂപ് വിജയൻ | കൃഷി ഓഫീസർ | 06-12-2023 | 31-03-2024 |
| സംഗീത പി.എസ്. | മെഡിക്കൽ ഓഫീസർ, | 01-04-2023 | 06-07-2023 |

| | | | |
|---|---|---|---|
| | സി.എച്ച്.സി. | | |
| ശ്രീകാന്ത് ഇ.ആർ. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 07-07-2023 | 19-07-2023 |
| നവ്യ ഇട്ട്യേര | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 20-07-2023 | 31-03-2024 |
| ലെസ്ലി വില്ലി എം. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| നിഖിൽജോസ് ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2023 | 31-03-2024 |
| ജ്യോതി ശ്രീധരൻ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| സിൽവി സി.ജി. | ഹെഡ്മിസ്ട്രസ്,ജി.എൽ.പി.എസ്. | 01-04-2023 | 31-03-2024 |
| ഐശ്വര്യ പി.ആർ. | വി.ഇ.ഒ., പഴഞ്ഞി സർക്കിൾ | 01-04-2023 | 31-03-2024 |
| രഘുനാഥൻ എ.വി. | വി.ഇ.ഒ., കാട്ടകാമ്പാൽ സർക്കിൾ | 01-04-2023 | 20-07-2023 |
| ദീപ.എസ്. | വി.ഇ.ഒ., കാട്ടകാമ്പാൽ സർക്കിൾ | 21-07-2023 | 05-10-2023 |
| ഹരി കെ.എ. | വി.ഇ.ഒ., കാട്ടകാമ്പാൽ സർക്കിൾ | 06-10-2023 | 31-03-2024 |
| സാജൻ സി ജേക്കബ്ബ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 06-07-2023 |
| ജയമോൾ ബേബി | അസിസ്റ്റന്റ് സെക്രട്ടറി | 07-07-2023 | 31-03-2024 |
| സിനു സി.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 08-06-2023 |
| വിനിത ഉണ്ണിക്കൃഷ്ണൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 09-06-2023 | 31-03-2024 |
| ടോണി ജോസഫ് എ.എഫ്. | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ജിനിക | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-1 |
| 3 | വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ് | 1-1-2 |
| 4 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | Capital Contribution രേഖപ്പെടുത്തിയതിലെ അപാകങ്ങൾ | 1-1-6 |
| 8 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-8 |
| 10 | വരവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-9 |
| 11 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-10 |
| 12 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ | 1-1-11 |
| 13 | ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-13 |
| 15 | മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ഫണ്ട് വിനിയോഗം | 1-3 |
| 18 | പദ്ധതി അവലോകനം | 1-4 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 20 | ക്ഷേമ പദ്ധതികൾ | 1-6 |
| 21 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | തൊഴിൽ നികുതി- കൃത്യമായി ഈടാക്കിയിട്ടില്ല | 1-9 |
| 24 | വസ്തുനികുതി നിർണ്ണയം - പ്രവേശനമാർഗ്ഗം തെറ്റായി നിശ്ചയിച്ചു | 1-10 |
| 25 | പഞ്ചായത്ത് പരിധിയിൽ അനധികൃതമായി ടർഫ് പ്രവർത്തിക്കുന്നു | 1-11 |
| 26 | സുശാന്തം പകൽവീട് പദ്ധതി - അഴിച്ചെടുത്ത സാമഗ്രികളുടെ വാല്യുവേഷൻ | 1-12 |
| 27 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ് | 1-13 |
| 28 | ഇൻഡോർ ബാഡ്മിന്റൺ കോർട്ട് അനധികൃതമായി പ്രവർത്തിക്കുന്നു | 1-14 |
| 29 | പെയിൻ ആൻഡ് പാലിയേറ്റിവ് പദ്ധതി - കൃത്യമായ മോണിറ്ററിംഗ് ഇല്ല | 1-15 |
| 30 | ആനക്കുണ്ട് തടാക നവീകരണം - കുഴിച്ചെടുത്ത മണ്ണിന്റെ അളവിൽ കൃത്യത ഉറപ്പാക്കാൻ സർക്കാർ തലത്തിൽ കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്. | 1-16 |
| 31 | എസ്.എസ്.കെ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-17-1 |
| 32 | എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്- അപാകങ്ങൾ | 1-17-2 |
| 33 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ - അപാകങ്ങൾ | 1-17-3 |
| 34 | ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ പദ്ധതികൾ -അപാകതകൾ | 1-17 |
| 35 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക അനുവദിച്ചു. | 1-18 |
| 36 | പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-19 |
| 37 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-20 |
| 38 | വയോജനങ്ങൾക്ക് കട്ടിൽ - വാങ്ങലിലെ അപാകങ്ങൾ | 1-21 |
| 39 | ലൈഫ് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം (പട്ടികജാതി)- ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 40 | വീട് വാസയോഗ്യമാക്കൽ(ജനറൽ) - ധനസഹായം കൈപ്പറ്റിയെങ്കിലും വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 41 | കാലാവധി കഴിഞ്ഞ മരുന്നുകൾ ഉപയോഗിക്കുന്നു | 1-24 |
| 42 | സമ്പൂർണ്ണ ഭവന പദ്ധതി വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-25 |
| 43 | അഗതി രഹിത കേരളം- ആശ്രയ വിഭാഗത്തിന് വീട് റിപ്പയറിംഗ് | 1-26 |
| 44 | സ്രായി കടവത്ത് സോളാർ മിനിമാസ്റ്റ് ലാമ്പ് സ്ഥാപിയ്ക്കൽ | 1-27 |
| 45 | ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-28 |
| 46 | ധനവിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല | 1-29 |

| | | |
|---|---|---|
| 47 | നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ വെറ്റിംഗ് നടത്തി-മാർഗ്ഗരേഖയ്ക്കു വിരുദ്ധം | 1-30 |
| 48 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- എസ്.സി.- വാങ്ങലിലെ അപാകങ്ങൾ | 1-31 |
| 49 | സി.എച്ച്.സി യിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-32 |
| 50 | മാലിന്യസംസ്കരണം- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ - അവലോകനം | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികക്കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2024 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 1.07.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

1. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം:തൃശ്ശൂർ**

**തീയതി:13.12.2024**

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

1. **മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപെടുത്തി.**

CFC Untied Basic Grant, CFC TIED Grant, Development Fund - General,Development Fund - SCP എന്നീ ഫണ്ടുകളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 238/24 PURCHASE OF SAFETY EQUIPMENTS FOR HARITHA KARMASENA ACTIVITIES | 42301147/ 5.2.2024 | 1920 | 251130802 Solid Waste Management - Classification | ഉചിതമായ ആസ്തി ശീർഷകം | Development Fund - General |
| | | 42301148/ 5.2.2024 | 7040 | | | |
| | | 42301149/ 5.2.2024 | 10400 | | | |
| | | 42301171/ 12.2.2024 | 4800 | | | |
| 2 | 98/24 Sreekumar Road Construction Ward 14 | 42301173/ 22.2.2024 | 158135 | 252110004 Roads-Concretting | ഉചിതമായ ആസ്തി ശീർഷകം | Development Fund - SCP |
| 3 | 236/24 SANITARY PAD DESTROYER INSTALLATION | 42300795/ 14.2.2024 | 39996 | 251130005 Sanitation And Waste Management - Sanitary Napkin For School Children (She Pad) | ഉചിതമായ ആസ്തി ശീർഷകം | CFC Tied Grant |
| 4 | 248/24 Garbage Disposal Installation Of Surveillance | 42300998/ 30.3.2024 | 35996 | 251130403 Sanitation And Waste Management-Public Programmes-Despatch The Wastes To Processing Places | ഉചിതമായ ആസ്തി ശീർഷകം | |

| | | | | | | |
|---|---|---|---|---|---|---|
| | Cameras | | | | | |
| 5 | 142/24 Chirayankadu Pallikkara Road Construction Ward 16 | 42300706/ 12.1.2024 | 394268 | 252110004 Roads-Concretting | ഉചിതമായ ആസ്തി ശീർഷകം | |
| 6 | 102/24 Pattithadam Cherupushpam Road Construction | 42300890/ 12.3.2024 | 524746 | 252110004 Roads-Concretting | ഉചിതമായ ആസ്തി ശീർഷകം | Development Fund - Central Finance Commission Grant - Basic Grant |
| 7 | 107/24 Pooshali Road Construction Ward 5 | 42300922/ 21.3.2024 | 248753 | 252110004 Roads-Concretting | ഉചിതമായ ആസ്തി ശീർഷകം | |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2024-25 സാമ്പത്തിക വർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക "Prior Period Income" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution" ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

2. <u>റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ച തുക മൂലധന ചെലവായി രേഖപ്പെടുത്തി.</u>
സമ്പൂർണ ഭവന പദ്ധതിക്കായി പഞ്ചായത്ത് എടുത്ത വായ്പയുടെ തിരിച്ചടവ് തുക ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നു. ഇത്തരത്തിൽ റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ മൂലധന ചെലവായി രേഖപ്പെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 5/24 Complete Housing Scheme Loan Repayment | 42301061/ 29.9.2023 | 500000 | 414140002 Construction/Purchase By Local Governments-Houses/ Flat For Families | ഉചിതമായ റവന്യൂ ശീർഷകം. | Development Fund - General |
| | | 42301063/ 3.10.2023 | 500000 | | | |
| | | 42301064/ 3.10.2023 | 500000 | | | |
| | | 42301065/ 3.10.2023 | 500000 | | | |

വായ്പയെടുത്ത തുക ഭവനനിർമാണത്തിനായി ഗുണഭോക്താക്കൾക്ക് സഹായമായി നൽകുകയും ഗുണഭോക്താക്കൾ അവരുടെ പേരിൽ വീട് നിർമിക്കുകയുമാണ് ചെയ്യുന്നത് എന്നിരിക്കെ വികസന ഫണ്ടിൽ നിന്ന് തിരികെ അടവാക്കുന്ന വായ്പാതുക പഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്തുന്നത് സ.ഉ.152/2011/ത.സ്വ.ഭ.വ തീ.26.07.2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. 2024-25 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ മേൽ പരാമർശിച്ച ആസ്തി ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ച് ഇത്തരത്തിൽ ആസ്തിയായി ബുക്ക് ചെയ്ത വായ്പ തിരിച്ചടവ് തുകക്ക് തത്തുല്യമായ തുക "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും മേൽ പരാമർശിച്ച ആസ്തി ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**<u>1-1-2 വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ്</u>.**

വാർഷിക കണക്ക് B-17 പ്രകാരം 450210104 LGTSB TREASURY,...00571-(799013000000571) എന്ന അക്കൗണ്ടിലെ 31.3.2024 ലെ നീക്കിയിരുപ്പ് (-)104492 രൂപയാണ്. ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ബാലൻസ് വന്നതിന്റെ കാരണം വ്യക്തമല്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**<u>1-1-3 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല</u>**

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | Canara 14th Fin ...00516 -(071720100516) | 1566298 |
| 2 | 450210101 | SBT PLAN ...80012-(57019580012) | 5112701 |
| 4 | 450210104 | VPFA-III_7-(VPFAIII7) | 8572 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2024-25 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**1-1-4 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല**

പഞ്ചായത്തിന്റെ ആസ്തികളുടെ തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേർണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല. 2024-25 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തികളുടെ 2024-25, 2023-24 എന്നീ വർഷങ്ങളിലെ ഡിപ്രീസിയേഷൻ കണക്കാക്കി രേഖപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4/ബി-2 എന്നിവ പ്രകാരം പ്രത്യേകോദ്ദേശ്യ തുകകൾ എന്ന ഇനത്തിൽ ചെലവഴിക്കാൻ 31.03.24-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.24-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4/ ബി-2 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320100197 | Literacy Scheme Grant | 4240 | 450210101 | CANARA NILP..1437 (LIT MISSIOM PRG)- ( 110081591437) | 0 |
| 2 | 320100181 | Total Sanitation Campaign | 249209 | 450210102 | KERALA BANK-TDCB SBM...9936- ( 80015269936) | 0 |
| | | | | 450240174 | IDBI- SBM FUND- (1492104000056036) | 0 |
| 3 | 311100101 | Panchayat'S Distress Relief Fund | 1699 | 450210102 | TDCB-DISTRESS RELIF FUND...65031- (80012565031) | 1715 |

2024-25 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**1-1-6 Capital Contribution രേഖപ്പെടുത്തിയതിലെ അപാകങ്ങൾ**

വികസന ഫണ്ട്-ജനറൽ എന്ന ഗ്രാന്റിന്റെ ലെഡ്ജർ പരിശോധിച്ചു. ഗ്രാന്റുകൾ ഉപയോഗിച്ച് നടത്തിയ മൂലധന പ്രവർത്തികൾക്ക് തത്തുല്യമായ തുകയല്ല "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നത്. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. കൂടാതെ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുകയേക്കാൾ കൂടുതൽ തുക "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നത് മൂലം Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കുറയുന്നതിനും കാരണമാകുന്നു. ഇത് സ.ഉ.152/2011/ത.സ്വ.ഭ.വ., തീ.26.07.2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | ലെഡ്ജർ (160100101) പ്രകാരം ചെയ്ത മൂലധന പ്രവർത്തികളുടെ ആകെ തുക | ലെഡ്ജർ പ്രകാരം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്ത തുക | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 432895 | 2776052 | 2343257 |

2024-25 സാമ്പത്തികവർഷത്തിൽ മേൽ പരാമർശിച്ച വ്യത്യാസമുള്ള മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകക്ക് തത്തുല്യമായ തുക (ഖണ്ഡിക 1-1-1 ക്രമനമ്പർ 2 ൽ പരാമർശിച്ച തുക ഒഴികെയുള്ള തുക) "Prior Period Income" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution…." ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ വിവിധ ഗ്രാന്റുകളിൽ നിന്ന് നിക്ഷേപ പ്രവർത്തിക്കായി നൽകിയ തുകകൾക്കു (460- ൽ തുടങ്ങുന്ന ശീർഷകത്തിൽ ബുക്ക് ചെയ്ത തുകകൾ) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അനുയോജ്യമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും 460-ൽ തുടങ്ങുന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽപ്രകാരം സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യത്തിന് തത്തുല്യമായ തുക "Prior Period Income " എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution…." ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**1-1-7 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല**

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത്

1608754 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6903031 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**1-1-8 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**1-1-9 വരവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി**

1. **സ്ഥിരനിക്ഷേപം- പലിശ തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 420800101 Investments - Fixed Deposits ശീർഷകത്തിൽ 6000000 രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്. പ്രസ്തുത നിക്ഷേപത്തിന്റെ പലിശയിനത്തിൽ 2023-24 വർഷത്തിൽ ലഭ്യമായ തുക (435000 രൂപ) 420800101 Investments - Fixed Deposits എന്ന ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടതിനു പകരം 440500101 Prepaid Programme Expenses എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. ആയത് 2024-25 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

2. **ലേലം വരവ് തെറ്റായ ശീർഷകത്തിൽ വരവ് വെച്ചു.**

കായ്ഫല ലേല ഇനത്തിൽ ലഭ്യമായ 3750 രൂപ (3300+450)150100102- Receipts From Sale Of Agricultural Farm Products എന്ന ശീർഷകത്തിൽ വരവ് വെക്കുന്നതിനു പകരം 140400199 Other Fees എന്ന ശീർഷകത്തിൽ വരവ് വെച്ചു. ഇത്തരം അപാകതകൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**1-1-10 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ**

1. **അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല.**

2023-24-ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നമ്പർ/തീയതി | ഒറ്റത്തവണയായി/രണ്ട് തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buiding | 42301359/31.3.2024 | 2218001 |
| 110100102-Property Tax On Non Residential Buiding | 42301356/31.3.2024 | 1812516 |
| 140110101-Licence Fees For Factories, Traders, Entepreneuors And Other Services | 42301374/31.3.2024 | 305500 |
| 110200105-Profession Tax- Traders | 42301375/31.3.2024 | 390910 |
| 110200101-Profession Tax-Institutions | 42301394/31.3.2024 | 68750 |
| 110100104-Service Cess On Property Tax | 42301357/31.3.2024<br>42301360/31.3.2024 | 406998(181967+225031) |

2. **ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**1-1-11 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ**

1. SBI-Epayment...59705- (67391159705) അക്കൗണ്ടിന്റെ 2024 മാർച്ച് മാസത്തിലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Directly Debited By Bank" എന്ന ഇനത്തിൽ 30977 രൂപ (1555 രൂപ 31.1.2024 തീയതിയിലും 29422 രൂപ 31.3.2024 തീയതിയിലും) ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാങ്ക് പാസ്ബുക്ക്/ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഇത്തരം ഇടപാടുകൾ നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് രേഖപ്പെടുത്തുകയും ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക

പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

2. OWN FUND TDCB ..55480-( 10721055480) എന്ന ബാങ്ക് അക്കൗണ്ടിന്റെ 2024 മാർച്ച് മാസത്തിലെ റീകൺസീലിയേഷൻ പത്രിക പ്രകാരം താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 26711 | 26.4.2022 | 1200 |
| 21094 | 29.9.2020 | 3088 |
| 23663 | 21.7.2021 | 2839 |
| 23602 | 13.9.2021 | 400 |
| 21840 | 5.3.2021 | 2800 |

3. OWN FUND TDCB ..55480-( 10721055480) എന്ന ബാങ്ക് അക്കൗണ്ടിന്റെ 2024 മാർച്ച് മാസത്തിലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 532273 രൂപ "Cheques Deposited But Not Cleared" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 523523 രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**1-1-12 ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ**

1. **വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**1.1തൻവർഷം**

1.1.1റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2223065 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2208337<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

1.1.2നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1812339 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1804235<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

1.2 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക്, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പ്രകാരം 204633 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 205870 രൂപയാണ്.

1.3 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2023-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 32148 | 143385 |
| 2 | 350410104-Advance | 11066 | 96877 |

| | | | |
|---|---|---|---|
| | Collection Of Revenues - Property Tax On Non-Residential Building | | |
| 3 | 350410105-Advanmce Collection Of Revenues-Service Cess On Property Tax | 1169 | 13493 |

2. **<u>രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.</u>**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വരുമാനം | മുൻകൂർ ശീർഷകം | 31.03.2024 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 180440 |
| 2 | ലൈസൻസ് | 350410301-Advance Collection Of Revenues - License Fees For Factories, Traders, Enterprenuers And Other Services | 159500 |

3. **<u>വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.</u>**

രജിസ്റ്ററുകൾ എഴുതി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ വാർഷികകണക്കിലെ RP-3, RP-4, RP-5 ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല (140120101, 140120105, 150100110 എന്നീ ശീർഷകങ്ങൾ ഒഴികെ).

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**<u>1-1-13 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല</u>**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

**<u>1-1-14 മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ</u>**

1. **ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല.

2. **രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ)))

3. തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ രേഖകൾ പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല . വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ഇനം | തൊഴിലുറപ്പ് രേഖകൾ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| Skilled & Semi Skilled Wages + Material Cost | 20534751 | 22102947 |

വൗച്ചർ നമ്പർ 42301391/31.3.2024 മുഖേന 1568196 രൂപ 312100128 Capital Contribution-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും 415110001 Roads- New Roads എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി മുഖേന നടത്തിയ മൂലധന ചെലവുകളാണ് ഇപ്രകാരം ബുക്ക് ചെയ്തിട്ടുള്ളത്. യഥാർത്ഥത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം പദ്ധതി മുഖേന ഗുണഭോക്താക്കൾക്ക് നൽകുന്നതിനും മൂലധന ചെലവുകൾക്കുമായി ലഭ്യമായ എല്ലാ തുകകളും 160100628-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും 253100101
Total Poverty Alleviation എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിരുന്നു. അതായത് മേൽ പരാമർശിച്ച വൗച്ചർ പ്രകാരം ബുക്ക് ചെയ്തതു സാങ്കല്പികമായ മൂലധന ചെലവുകളാണ്. തൊഴിലുറപ്പ് പദ്ധതി മുഖേന നടത്തുന്ന ചെലവുകൾക്ക് ലഭ്യമാകുന്ന തുക 160100628-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ റവന്യൂ ചെലവുകൾ/ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും പിന്നീട് മറ്റൊരു ജേർണൽ എൻട്രി മുഖേന മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുകക്ക് തത്തുല്യമായ തുക 160100628-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും 312100128 Capital Contribution-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയുമാണ് ശരിയായ നടപടിക്രമം. ഭാവിയിൽ ഇപ്രകാരം ജേർണൽ എൻട്രികൾ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. 340200102 Auction Deposit എന്നീ ശീർഷകങ്ങളുടെ രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/21.11.2024)

## 1-2 ബജറ്റ്

ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 17.03.2023 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | 209068606 | 207775401 |

റിവൈസ്ഡ് ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 07.02.2024 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| വരവ് , ചെലവ് എന്നിവ | 213693850 | 208094984 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19487000 | 19487000 | 17183332 | 2303668 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 9568000 | 9568000 | 6807227 | 2760773 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്-റോഡ് | 0 | 10994000 | 10994000 | 6179784 | 4814216 |
| മെയിന്റനൻസ്-നോൺറോഡ് | 0 | 2149400 | 2149400 | 1557163 | 592237 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | | | |
| CFC Basic | 1168491 | 3424229 | 4592720 | 3091444 | 1501276 |
| CFC Tied | 3724161 | 2420000 | 6144161 | 903595 | 5240566 |
| Health Grant (Diagnostic Infra To PHC) | 191244 | 934292 | 1125536 | 929810 | 195726 |
| Health Grant (Conversion Of PHC To Wellness) | 47249 | 391293 | 438542 | 357176 | 81366 |
| ദുരിതാശ്വാസ നിധി | 199 | 1500 | 1699 | 0 | 1699 |
| ICDS | 2127948 | 505799 | 2633747 | 906999 | 1726748 |
| PBIG | 249209 | 0 | 249209 | 0 | 249209 |
| SBM | 204459 | 483032 | 687491 | 687491 | 0 |
| PMAY | 140000 | 0 | 140000 | 0 | 140000 |
| MPLAD | 826384 | 0 | 826384 | 0 | 826384 |
| Pandemic/Epidemic | 21021 | 0 | 21021 | 0 | 21021 |
| Grants,Other Than DVP Fund And State Spons-Other Purpose | 281964 | 0 | 281964 | 0 | 281964 |
| Joint Venture –Block (Revenue Exp) | 84687 | 0 | 84687 | 0 | 84687 |
| Block- Revenue Exp Specific Purpose | 130000 | 0 | 130000 | 0 | 130000 |
| Joint Venture –Dist (Revenue Exp) | 203819 | 0 | 203819 | 0 | 203819 |
| Dist (Revenue Exp Specific Purpose) | 10000 | 0 | 10000 | 0 | 10000 |
| Ayurvedam | 10000 | 0 | 10000 | 0 | 10000 |
| MLA Fund | 12000 | 0 | 12000 | 0 | 12000 |
| Keralolsavam | 18467 | 0 | 18467 | 0 | 18467 |
| Vimukthi | 34902 | 0 | 34902 | 0 | 34902 |
| ലൈഫ് സ്റ്റേറ്റ് വിഹിതം | 0 | 4800000 | 4800000 | 3350000 | 1450000 |
| Monsoon Camp Building Facilities | 0 | 100000 | 100000 | 0 | 100000 |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 233 | 124894033 | 139 | 52963308 | 42.40 | 59.65% |

അംഗീകാരം ലഭിച്ച 233 പദ്ധതികളിൽ എണ്ണം 139 (59.6%) നടപ്പാക്കിട്ടുണ്ട്. വകയിരുത്തിയ തുകയിൽ 42.40 % മാത്രമാണ് ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടന ചുമതലയാണ്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1043035 | 1043035 | 1043035 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18428581 | 18428581 | 18428581 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 2106170 | 2106170 | 2106170 | 0 |
| ആകെ | 0 | 21577786 | 21577786 | 21577786 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1785400 | 152 |
| വിധവാ പെൻഷൻ | 15676600 | 439 |
| വാർദ്ധക്യകാല പെൻഷൻ | 23646200 | 2227 |
| വികലാംഗപെൻഷൻ | 3456300 | 317 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1832400 | 170 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2024 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 13139 രൂപ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 തൊഴിൽ നികുതി- കൃത്യമായി ഈടാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി കൃത്യമായി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | സാമ്പത്തിക വർഷം | അർദ്ധ വർഷം | ജീവനക്കാരന്റെ പേര് | ആറ് മാസത്തെ ശമ്പളം | ഈടാക്കിയത് | ഈടാക്കേണ്ട തുക | കുറവ് തുക |
|---|---|---|---|---|---|---|---|
| പോസ്റ്റ് ഓഫീസ് പഴഞ്ഞി | 2023-24 | I | സുബിത.എൻ.ബി | 190848 | 1000 | 1250 | 250 |
| | 2023-24 | I | ഐശ്വര്യ.ആർ | 190848 | 1000 | 1250 | 250 |
| എം.ഡി കോളേജ് (സെൽഫ് ഫിനാൻസിംഗ്) | 2023-24 | I | അല്ലി.സി.വി | 45000 | 300 | 450 | 150 |
| | 2023-24 | I | ലിജി.കെ.ജെ | 45000 | 300 | 450 | 150 |
| | 2023-24 | I | ശാന്ത.കെ.കെ | 45122 | 300 | 450 | 150 |
| ആകെ | | | | | | | 950 |

ഇപ്രകാരം കൃത്യമായ തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/22.11.2024) കുറവ് വന്ന തുക അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും, തുക അടവാക്കുന്ന മുറയ്ക്ക് രശീതി സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ജീവനക്കാരിൽ നിന്നും കൃത്യമായ തൊഴിൽനികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ് .

## 1-10 വസ്തുനികുതി നിർണ്ണയം - പ്രവേശനമാർഗ്ഗം തെറ്റായി നിശ്ചയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും, വർദ്ധനവുകളും അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം കെട്ടിടത്തിലേക്ക് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള പ്രവേശന സൗകര്യം ഉണ്ടെങ്കിൽ വസ്തുനികുതിയിൽ 20% അധിക വർദ്ധന വരുത്താവുന്നതാണ്.

എന്നാൽ ന്യൂ ബിൽഡിംഗ് രജിസ്റ്ററും, അനുബന്ധ ഫയലുകളും പരിശോധിച്ചതിൽ ചുവടെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിനായി റോഡിന്റെ തരം രേഖപ്പെടുത്തിയതിൽ അപാകതകൾ ഉണ്ട്. പ്രസ്തുത കെട്ടിങ്ങളുടെയെല്ലാം പ്രവേശനസൗകര്യം 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നുമാണ് എന്നാണ് സഞ്ചയയിൽ (ഫോറം 6) രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ ഇളവോ, വർദ്ധനവോ വരുത്തിയിട്ടില്ല. എന്നാൽ കെട്ടിടങ്ങളുടെ ഉടമസ്ഥർ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ ലഭിക്കുന്നതിനായി സമർപ്പിച്ച ലൊക്കേഷൻ സ്കെച്ച്/

പ്ലാൻ പ്രകാരം ഈ കെട്ടിടങ്ങളിലേക്കുള്ള പ്രവേശന സൗകര്യം 5 മീറ്ററിന് മുകളിലുള്ള റോഡിൽ നിന്നുമാണ്. ആയത് പ്രകാരം വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്താവുന്നതാണ്. ഇപ്രകാരം വർദ്ധനവ് നൽകാതിരുന്നതിലൂടെ വാർഷികവസ്തുനികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വിവരങ്ങൾ | | | | | | ഈടാക്കിയത് | | ഈടാക്കേണ്ടിയിരുന്നത് | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | ഉടമസ്ഥൻ | കെട്ടിട നമ്പർ | വിസ്തീർണ്ണം | ഉപയോഗ ക്രമം | അടി സ്ഥാന വസ്തു നികുതി | റോഡ് തരം | വസ്തു നികുതിയിലെ വർദ്ധനവ്/ ഇളവ് | റോഡ് തരം (പ്ലാൻ/ സഞ്ചയ പ്രകാരം) | വസ്തു നികുതിയിലെ വർദ്ധനവ്/ ഇളവ് | വാർഷിക വസ്തു നികുതി യിലെ വ്യത്യാസം |
| 1 | സജി സി പുലിക്കോട്ടിൽ | 4/272A | 290.06 | പാർപ്പിട ആവശ്യം | 8/$M^2$ | 1.5 മീറ്ററിൽ കൂടുതൽ | 0.00 | 5 മീറ്ററിൽ കൂടുതൽ | 20% വർദ്ധന | 20% |
| 2. | അബ്ദുൽ റഹീം | 4/175A, B,C, D,E,F, G,H,I, J,K,L, M,N | 416.24 | വാണിജ്യം- 100 ച .മീ മുകളിൽ 500 ച.മീ വരെ ഉള്ളവ | 70/$M^2$ | 1.5 മീറ്ററിൽ കൂടുതൽ | 0.00 | 5 മീറ്ററിൽ കൂടുതൽ | 20% വർദ്ധന | 20% |

പ്രവേശന സൗകര്യത്തിന്റെ വീതി കണക്കാക്കിയതിൽ ഉണ്ടായ അപാകങ്ങൾ മൂലം വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിന് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/22.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി വിവരമറിയിക്കേണ്ടതാണ് .

## 1-11 പഞ്ചായത്ത് പരിധിയിൽ അനധികൃതമായി ടർഫ് പ്രവർത്തിക്കുന്നു

സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ., തീയതി.22.03.2023 ഉത്തരവ്, 05.04.2023-ലെ സ.ഉ.(അച്ചടി)നം.25/2023/ത.സ്വ.ഭ.വ., എന്നിവയ്ക്ക് വിധേയമായി 01.04.2023 മുതൽ പ്രാബല്യത്തിൽ സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (വാണിജ്യ സ്വഭാവത്തോട് കൂടിയവ) എന്നിവയുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഒരു ചതുരശ്ര മീറ്ററിന് 40 എന്ന് നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഇത്തരം സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ലെങ്കിലും പഞ്ചായത്ത് പരിധിയിൽ (വാർഡ് - II ) ഗ്രീൻ ഗാർഡൻസ് ഫുട്ബോൾ ടർഫ് എന്ന പേരിൽ ഒരു ടർഫ് പ്രവർത്തിച്ചു വരുന്നുണ്ട്. നാളിതുവരെ പഞ്ചായത്തിൽ നിന്നും നമ്പർ ലഭിക്കാതെ പ്രവർത്തിച്ചു വരുന്ന പ്രസ്തുത സ്ഥാപനത്തിനെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/22.11.2024) 1350 ച.മീ വിസ്തീർണ്ണത്തിൽ അസംബ്ലി കെട്ടിടത്തിനും, 44.54 ച.മീ വിസ്തീർണ്ണത്തിൽ ഓഫീസ് കെട്ടിടത്തിനുമായി 10.03.2021-ന് നമ്പറായി കെപിബിആർ 2019 പ്രകാരം കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ടെന്നും, ആയതിന് കംപ്ലീഷൻ സമർപ്പിക്കാത്തതിനാൽ വസ്തുനികുതി ചുമത്തിയിട്ടില്ലെന്നും, കംപ്ലീഷൻ സമർപ്പിക്കുന്ന മുറയ്ക്ക് വസ്തുനികുതി ചുമത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം ഗ്രീൻ ഗാർഡൻസ് ഫുട്ബോൾ ടർഫ് എന്ന പേരിൽ വെബ്സൈറ്റിൽ പേര് നൽകി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്നതിനാൽ സ്ഥാപനത്തിൽ നിന്നും അടിയന്തിരമായി വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 സുശാന്തം പകൽവീട് പദ്ധതി - അഴിച്ചെടുത്ത സാമഗ്രികളുടെ വാല്യുവേഷൻ

സുശാന്തം പകൽവീട് പദ്ധതിയുമായി (പ്രൊജക്ട് നമ്പർ- 181/2023) ബന്ധപ്പെട്ട് നിലവിലുള്ള കെട്ടിടത്തിനോട് ചേർന്ന് ഉണ്ടായിരുന്ന ഉപയോഗശൂന്യമായ സ്റ്റീൽ ട്രസ്സ് അഴിച്ചു മാറ്റിയത് 112.12 Kg ഉണ്ടെന്നും, റൂഫിംഗ് ഷീറ്റ് 17.5kg ഉണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ 09.02.2024 ലെ D1/Gen/2024 കത്ത് പ്രകാരം സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വസ്തുക്കൾ വാല്യൂവേഷൻ നടത്തി ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/23.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സാമഗ്രികൾ നാളിതുവരെ ലേലം ചെയ്തിട്ടില്ലെങ്കിൽ വാല്യൂവേഷൻ നടത്തി ലേലം ചെയ്ത് തുക തനതു വരുമാനത്തിലേക്ക് മുതൽകൂട്ടി വിവരമറിയിക്കേണ്ടതാണ്.

## 1-13 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/23.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-14 ഇൻഡോർ ബാഡ്മിന്റൺ കോർട്ട് അനധികൃതമായി പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ ഒന്നാം വാർഡിൽ ഫ്രണ്ട്സ് ഇൻഡോർ ബാഡ്മിന്റൺ ക്ലബ് എന്നൊരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിന് സെറ്റ്ബാക്ക് ഇല്ലായെന്ന് 22.11.2024 ന് പഞ്ചായത്ത് സെക്രട്ടറിയുമായി ചേർന്ന് നടത്തിയ സ്ഥലപരിശോധനയിൽ കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്.
(ഓഡിറ്റ് അന്വേഷണം നം . 27/23.11.2024)

  

അതിനാൽ കെട്ടിടത്തിന് യു.എ നമ്പർ നൽകി കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും കുടിശ്ശിക സഹിതം വസ്തുനികുതിയായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 27/23.11.2024)

## 1-15 പെയിൻ ആൻഡ് പാലിയേറ്റിവ് പദ്ധതി - കൃത്യമായ മോണിറ്ററിംഗ് ഇല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പ്രോജക്ട് നമ്പർ/ പേര് | 60/24- പെയിൻ ആൻഡ് പാലിയേറ്റിവ് |
| അടങ്കൽ | 750000 (മെയിന്റനൻസ് -റോഡിതരം) |
| ചെലവ് | 692240 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു .

1. പാലിയേറ്റിവ് പരിചരണ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട 07.03.2019 ലെ സ.ഉ(സാധാ)നം.553/2019/ത.സ്വ.ഭ.വ., ഉത്തരവിലെ ഖണ്ഡിക 2.6.3 പ്രകാരം അതതു ദിവസത്തെ രോഗികളുടെ ഗൃഹസന്ദർശന വിവരങ്ങൾ ആശ, സന്നദ്ധപ്രവർത്തകർ എന്നിവർ ഹോംകെയർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ഖണ്ഡിക 2.6.4 പ്രകാരം പാലിയേറ്റിവ് നഴ്സ് ഹോംകെയർ റിപ്പോർട്ട് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഹോംകെയർ രജിസ്റ്ററിൽ 30.12.2023 തീയതി വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തീയതിക്ക് ശേഷം ഹോംകെയർ രജിസ്റ്റർ എഴുതിയിട്ടില്ലാത്തതാണ്.

2. 2023-24 സാമ്പത്തികവർഷം പാലിയേറ്റിവ് പ്രവർത്തനങ്ങൾക്കായി വാടകയ്ക്കെടുത്തിരിക്കുന്നത് ശ്രീ.ജോയ് കെ.സി. യുടെ ഉടമസ്ഥതയിലുള്ള KL-54 L-8886 നമ്പർ വാഹനമാണ്. ക്വട്ടേഷൻ മുഖേന പ്രസ്തുത വാഹനം വാടകയ്ക്കെടുത്തതിന്റെയും, കരാർ ഉടമ്പടിയിലേർപ്പെട്ടതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടികാട്ടികൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-23/22.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റിവ് പ്രവർത്തനങ്ങളിൽ രോഗികൾക്ക് നൽകിയ പരിചരണത്തിന്റെ ആധികാരിക രേഖയായ ഹോംകെയർ രജിസ്റ്റർ എഴുതാത്തതും, ആയത് മെഡിക്കൽ ഓഫീസർ പരിശോധിക്കാതിരുന്നതും മോണിറ്ററിംഗിലുണ്ടായ വീഴ്ചയാണ്. ആയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, സർക്കാർ ഉത്തരവ് കൃത്യമായി പാലിക്കേണ്ടതുമാണ്. ഹോംകെയർ രജിസ്റ്റർ എഴുതി പൂർത്തിയാക്കി, മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതോടൊപ്പം, വാഹന ഉടമയുമായി കരാർ ഉടമ്പടിയിലേർപ്പെട്ടതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 ആനക്കുണ്ട് തടാക നവീകരണം - കുഴിച്ചെടുത്ത മണ്ണിന്റെ അളവിൽ കൃത്യത ഉറപ്പാക്കാൻ സർക്കാർ തലത്തിൽ കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്.

കാട്ടകാമ്പാൽ – പോർക്കുളം ഗ്രാമപഞ്ചായത്ത് അതിർത്തികളിലായി സ്ഥിതിചെയ്യുന്ന 700x80 മീറ്റർ വിസ്തീർണ്ണമുള്ള ആനക്കുണ്ട് തടാകം തൃശ്ശൂർ കോർപ്പറേഷന്റെ നഗരസഞ്ചയ ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും നീക്കം ചെയ്യുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള 48,000 മീറ്റർ ക്യൂബ് മണ്ണ്(Escavated Earth) നിക്ഷേപിക്കുന്നതിന് സ്ഥലമില്ലാത്തതിനാൽ കുഴിച്ചെടുക്കുന്ന മണ്ണ് തൽസമയം തന്നെ നീക്കം ചെയ്യുന്നതിനുള്ള ലേലം നടത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 17.01.22ലെ ഭരണ സമിതി 6(1) പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു.

ഗ്രാമപഞ്ചായത്ത് മണ്ണിന് ക്യൂബിക് മീറ്ററിന് 123 രൂപ അടിസ്ഥാന നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 16.8.21ലെ തൃശൂർ എഞ്ചിനീയറിംഗ് കോളേജിന്റെ നം. CED/GEL/2021/08-14കത്ത് പ്രകാരം ആനക്കുണ്ട് തടാകത്തിലെ മണ്ണിൽ ചളിയുടെയും കളിമണ്ണിന്റെയും അംശം 98.20% ഉണ്ട് (Silt And Clay Content 98.2%) എന്ന പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.രാധാകൃഷ്ണൻ.എം.വി. ക്യൂബിക് മീറ്ററിന് 751/മീറ്റർ ക്യൂബ് നിരക്കിൽ രൂപയ്ക്ക് ലേലംകൊണ്ടത് 15.2.22ന് 3(1) തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിരുന്നു.

എന്നാൽ പദ്ധതി പ്രദേശത്ത് 8 അടി വരെ താഴ്ത്തി നോക്കിയതിൽ നിന്നും കളിമണ്ണിന്റെ അളവ് ഒരടി മാത്രമാണെന്നും മുകളിൽ മൂന്ന് അടി വരെ ചണ്ടിയും പൂതക്കുറ്റി പോലുള്ള കറുത്ത ചേടിയും ആണ് കാണപ്പെട്ടതെന്നും തനിക്ക് ഭീമമായ നഷ്ടം വരും എന്നതിനാൽ 3,60,48,000 + 5% ജിഎസ്ടി =3,78,50,400 എന്ന തുക അടവാക്കുന്നതിൽ നിന്നും, ലേലത്തിൽ നിന്നും ശ്രീ.രാധാകൃഷ്ണൻ.എം.വി. പിന്മാറുകയുണ്ടായി. തുടർന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 50,000 രൂപ പഞ്ചായത്ത് തനതുഫണ്ടിലേക്ക് മുതൽകൂട്ടിയതിനെതിരെ പ്രസ്തുത വ്യക്തി ഹൈക്കോടതിയിൽ WP(C) No.10475/2022 നമ്പർ കേസ് ഫയൽ ചെയ്തു. പുനർലേലം നടത്തേണ്ടിവന്നതു മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം 2,69,13,600 രൂപ അടവാക്കാത്ത പക്ഷം സ്ഥാവര ജംഗമ വസ്തുക്കളിൽനിന്നും റവന്യൂ റിക്കവറി നടത്തുന്നതിന് ശ്രീ.രാധാകൃഷ്ണന് 06.06.2022 ന് A2/2987/22 നമ്പറായി നോട്ടീസ് നല്കിയിരുന്നു. തുടർന്ന് പഞ്ചായത്തിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ WP(C) No.22653/2022 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസുകൾ നിലവിൽ തീർപ്പായിട്ടില്ല.

28.04.2022-ൽ നടന്ന പുനർ ലേലത്തിൽ ഒരു മീറ്റർ ക്യൂബിന് 217 രൂപ നിരക്കിൽ ശ്രീ.അബ്ദുലു വി.വി. വെട്ടിക്കാട് വീട്, നന്നമുക്ക്, മലപ്പുറം എന്നയാൾ ലേലം കൊള്ളുകയും 29.4.22ലെ 2(1) തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 48000 ക്യൂബിക്

മീറ്ററിന് 217 രൂപ നിരക്കിൽ 1,04,16,000 രൂപ (ജി.എസ്.ടി ഒഴികെ) 07.05.2022-ൽ (വൗച്ചർ നം.1220200430) പഞ്ചായത്തിൽ അടവാക്കുകയും ചെയ്തു. ജി.എസ്.ടി തുക 5% നിരക്കിൽ അടവാക്കുന്നതിന് ആവശ്യപ്പെട്ടതിനെ തുടർന്ന് 09.05.2022 ൽ കരാറുകാരനായ ശ്രീ.അബ്ദുലു.വി.വി. ജി.എസ്.ടി. തുകയായ 5,20,800 രൂപയുടെ ചെക്ക് നൽകിയിരുന്നുവെങ്കിലും ചെക്ക് പണമാക്കാൻ സാധിച്ചില്ല. (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചെക്ക് നമ്പർ 758787, വൗച്ചർ നമ്പർ-1220200440/തീ.09.05.2022). അക്കൗണ്ടിൽ മതിയായ തുക ഇല്ലാത്തതിനാൽ കരാറുകാരൻ നൽകിയ ചെക്ക് തൃശ്ശൂർ ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് - ബാങ്കിൽ നിന്നും മടക്കിയിട്ടുണ്ട് (03.06.2022 തീയതിയിൽ പാസ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്). എന്നാൽ ചെക്ക് പണമാക്കുന്നതിന് മുൻപായി 14.06.2022 ന് ഗ്രാമപഞ്ചായത്ത് ജി.എസ്.ടി ഇനത്തിൽ 5,20,800 അടവാക്കേണ്ടതിനു പകരം 496050 (CGST- 248025/-, SGST- 248025) തനതുഫണ്ടിൽ നിന്നും അടവാക്കി.

ബാങ്കിൽ സമർപ്പിച്ച ചെക്ക് മടങ്ങിയതിനെ തുടർന്ന് 15 ദിവസത്തിനുള്ളിൽ ചെക്ക് പ്രകാരമുള്ള തുകയും, ചെക്ക് മടങ്ങിയത് മൂലമുള്ള ബാങ്ക് ചാർജ്ജസ്, പലിശയിനത്തിലെ നഷ്ടം എന്നിവ യഥാവിധി പഞ്ചായത്തിൽ അടവാക്കുന്നതിനും അല്ലാത്തപക്ഷം നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് കരാറുകാരന് പഞ്ചായത്ത് പലതവണ നോട്ടീസ് നൽകിയെങ്കിലും, കരാറുകാരൻ തുക അടവാക്കാത്തതിനാൽ കുന്നംകുളം JFCM കോടതി മുമ്പാകെ 12.04.2023-ന് ഗ്രാമപഞ്ചായത്ത് അന്യായം ഫയൽ ചെയ്തിട്ടുണ്ട്. കേസിന്റെ നിലവിലെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ് .

ശ്രീ.അബ്ദുലു വി.വി. യുമായി 19.05.2022-ലെ 04/22-23 നമ്പർ കരാർ പ്രകാരം സെക്രട്ടറിയുമായി ഉടമ്പടിയിലേർപ്പെട്ടിട്ടുള്ളതാണ്. കരാറുടമ്പടിയിലെ പ്രധാനപ്പെട്ട നിബന്ധനകൾ ചുവടെ ചേർക്കുന്നു.

“നിബന്ധന 2 : പ്രവൃത്തി 31.03.2023 തീയതിക്കകം കരാറുകാരൻ പൂർത്തിയാക്കേണ്ടതാണ്.
നിബന്ധന 3 : തടാകത്തിന്റെ വശങ്ങളിൽ നിക്ഷേപിക്കുന്ന മണ്ണും, ചെളിയും അതത് സമയത്ത് തന്നെ കരാറുകാരൻ നീക്കം ചെയ്യേണ്ടതാണ്.
നിബന്ധന 18 : കരാറുടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നോട്ടീസ് അയച്ച് പതിനാല് ദിവസങ്ങൾക്കുശേഷം കരാർ റദ്ദാക്കുന്നതും മറ്റൊരു ഏജൻസിയെക്കൊണ്ട് പ്രവൃത്തി പൂർത്തിയാക്കുന്നതുമൂലം ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരനിൽ നിന്നും കരാറുകാരന്റെ സ്ഥാവരജംഗമ സ്വത്തുകളിൽ നിന്നും വസൂലാക്കുന്നതാണ്.”

എന്നാൽ മേൽ കരാർ കാലയളവ് 31.03.2023 ന് അവസാനിക്കുകയും 5 മാസം കൂടി കാലാവധി അനുവദിക്കുന്നതിന് സപ്ലിമെന്ററി കരാറിലേർപ്പെടുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചുവെങ്കിലും കരാർ പുതുക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. മറിച്ച് 20.04.2023 ൽ ആഴം കൂട്ടുന്ന പ്രവൃത്തി ആരംഭിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിൽ ജി.എസ്.ടി ഇനത്തിൽ അടവാക്കേണ്ട തുകയും, ചെക്ക് മടങ്ങിയത് മൂലമുള്ള ബാങ്ക് ചാർജ്ജ്, പലിശയിനത്തിലെ നഷ്ടം, കോടതി ചെലവ് എന്നിവ യഥാവിധി പഞ്ചായത്തിൽ എത്രയും പെട്ടെന്ന് അടവാക്കേണ്ടതും നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ആഴം കൂട്ടുമ്പോൾ ലഭ്യമാകുന്ന മണ്ണ് പ്രസ്തുത സ്ഥലത്തുനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് 20.04.2023 ലെ 400673/DPP110/GPO/2023/3584/(2) പ്രകാരം കരാറുകാരനെ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കരാർ ഉടമ്പടിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1. കരാർ കാലയളവിൽ തടാകത്തിന്റെ ആഴം കൂട്ടുന്നതിനായി മണ്ണ് എടുക്കുന്ന പ്രവൃത്തി നടപ്പാക്കിയിട്ടില്ല.**
**2. കരാർ കാലാവധി കഴിഞ്ഞതിനു ശേഷം കരാറുകാരൻ ആവശ്യപ്പെട്ട പ്രകാരം സപ്ലിമെന്ററി കരാർ ചമച്ചില്ല.**
**3. സപ്ലിമെന്ററി കരാർ ചമയ്ക്കാതെ തന്നെ തടാകത്തിന്റെ ആഴം കൂട്ടുന്ന പ്രവൃത്തി 20.04.2023 ൽ ആരംഭിച്ചു.**
**4. 31.03.2023 ൽ കാലാവധി കഴിഞ്ഞിട്ടും സപ്ലിമെന്ററി കരാർ ചമയ്ക്കാതെ സെക്രട്ടറി കരാറുകാരനോട് മണ്ണ് നീക്കം ചെയ്യാനാവശ്യപ്പെട്ടത് നിയമാനുസൃതമല്ല.**

തുടർന്ന് തടാകത്തിന്റെ ആഴം കൂട്ടുന്ന പ്രവൃത്തി 20.04.2023 ൽ ആരംഭിക്കുകയും 17305.21 M3 മണ്ണ് തടാകത്തിന്റെ വശങ്ങളിലുള്ള ബണ്ടിനോട് ചേർത്ത് നിക്ഷേപിച്ചതിന് ആയതിന്റെ കരാറുകാരന് 2024-25 സാമ്പത്തികവർഷം 3191465.00 രൂപ അനുവദിച്ചിട്ടുമുണ്ട്. എന്നാൽ മണ്ണ് നീക്കം ചെയ്യുന്ന കരാറുകാരനായ ശ്രീ. അബ്ദുലു വി.വി 23.02.2024 നു സെക്രട്ടറിക്ക് സമർപ്പിച്ച നോട്ടീസിൽ മണ്ണിൽ കളിമണ്ണിന്റെ അളവ് കുറവായതിനാൽ മണ്ണ് നീക്കം ചെയ്യാൻ സാധിക്കുകയില്ലെന്നും പഞ്ചായത്തിൽ അടച്ച 1,04,16,000 രൂപ തിരികെ നൽകണമെന്നും അല്ലാത്തപക്ഷം വ്യവഹാരത്തിലേർപ്പെടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതിനു ശേഷമുള്ള തുടർനടപടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ഈ വിഷയത്തിൽ ആനക്കുണ്ട് തടാക നവീകരണത്തിന്റെ ഭാഗമായുള്ള മണ്ണിന്റെ നിജസ്ഥിതി പരിശോധിക്കുവാനായി ഓഡിറ്റ് വിഭാഗം 22.11.2024-ൽ പഞ്ചായത്ത് സെക്രട്ടറിയുമായി ചേർന്ന് നടത്തിയ സ്ഥലപരിശോധനയിൽ തടാകത്തിന്റെ ബണ്ടിനോട് ചേർത്ത് നിക്ഷേപിച്ചു എന്നുപറയുന്ന മണ്ണ് കണ്ടെത്താൻ സാധിച്ചില്ല. കാണാതായ മണ്ണിന്റെ നിജസ്ഥിതിയെ കുറിച്ച് ആരാഞ്ഞപ്പോൾ തടാകത്തിൽ ജലം നിറഞ്ഞതിനാൽ മണ്ണ് ജലത്തിനടിയിലായിരിക്കുമെന്നാണ് സെക്രട്ടറി വാക്കാൽ മറുപടി നൽകിയിരിക്കുന്നത്. മണ്ണ് കോരിയിട്ടിരിക്കുന്നത് സംബന്ധിച്ച് ഫയൽ പ്രകാരമുള്ള ഫോട്ടോയും, നിലവിലെ ഫോട്ടോയും ചുവടെ ചേർക്കുന്നു.

***ഫയലിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം കോരിയിട്ട മണ്ണ്***




*സ്ഥല പരിശോധന സമയത്തെ തടാകം*






**ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഫോട്ടോസ് പരിശോധിച്ചതിൽ തടാകത്തിനോട് ചേർന്ന ബണ്ടിന്റെ ഉയരത്തിലാണ് മണ്ണ് നിക്ഷേപിച്ചിട്ടുള്ളത്. എന്നാൽ പരിശോധന സമയത്ത് ബണ്ടിന്റെ ഉയരത്തേക്കാൾ താഴ്ന്നാണ് തടാകത്തിൽ ജലം ഉണ്ടായിരുന്നത്. എന്നിട്ടും കോരിയിട്ട മണ്ണ് കണ്ടെത്താൻ കഴിയാതിരുന്നതിലൂടെ ആഴം കൂട്ടുന്നതിനായി ബണ്ടിനോട് ചേർത്ത് നിക്ഷേപിച്ച 17305.21 $M^3$ മണ്ണ് നഷ്ടപ്പെട്ടു പോയതായും പഞ്ചായത്തിന് വരവ് നഷ്ടം സംഭവിച്ചതായും ഓഡിറ്റ് വിലയിരുത്തുന്നു. അല്ലാത്തപക്ഷം പഞ്ചായത്ത് അധികൃതർ അറിയിച്ചതിൻ പ്രകാരം മണ്ണ് തടാകത്തിനടിയിൽ പോയിട്ടുണ്ടെങ്കിൽ 17305.21 $M^3$ മണ്ണ് കരയിലേക്ക് കോരിയിടുന്നതിനായി നടപ്പിലാക്കിയ 3191465.00 രൂപയുടെ പ്രവൃത്തി എന്നത് ചെലവ് നഷ്ടവും, പാഴ്ചെലവുമാണ്.** ഈ സാഹചര്യത്തിൽ പഞ്ചായത്തിന് സംഭവിച്ചത് വരവ് നഷ്ടമാണോ ചെലവ് നഷ്ടമാണോ എന്ന് പരിശോധിക്കുന്നതിനും, **മണ്ണിന്റെ നിജസ്ഥിതി ബോധ്യപ്പെടുന്നതിനും സർക്കാർതലത്തിൽ കൂടുതൽ അന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.**
(ഓഡിറ്റ് അന്വേഷണം നം . 21/22.11.2024)

## 1-17-1 എസ്.എസ്.കെ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | 27/24 SSK വിഹിതം നൽകൽ |
| അടങ്കൽ | 300000 |
| ചെലവ് | 300000 |
| വൗച്ചർ നം,തുക | 42300624/15.12.2023 |
| തുക കൈമാറിയ വിവരം | ബ്ലോക്ക് പ്രോജക്റ്റ് കോഓർഡിനേറ്റർ, സമഗ്ര ശിക്ഷ, കേരള |
| ഫണ്ട് | CFC Untied |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

.ബ്ലോക്ക് പ്രോജക്റ്റ് കോഓർഡിനേറ്റർക്ക് കൈമാറിയ തുകയുടെ കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല.
.വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

കൈപ്പറ്റ് രശീത്, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-2 എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്- അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് | 28/24 എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ | 834300<br>.വികസന ഫണ്ട് (എസ്.സി.പി): 534300 രൂപ<br>.ജില്ല പഞ്ചായത്ത് വിഹിതം : 300000 രൂപ |
| ചെലവ് | 580000<br>.വികസന ഫണ്ട്(എസ്.സി.പി): 490000 രൂപ<br>.ജില്ല പഞ്ചായത്ത് വിഹിതം : 90000 രൂപ |
| വൗച്ചർ നമ്പർ/ തുക | 42301195/18.3.2024 – 90000<br>42301230/16.2.2024 – 80000<br>42301172/22.2.2024 – 80000<br>42301235/22.2.2024 – 80000<br>42301236/22.2.2024 – 90000<br>42301176/27.2.2024 – 70000<br>42301184/11.3.2024 – 90000 |
| ആകെ | 580000 |

സബ്സിഡി മാർഗരേഖ(സ.ഉ.(കൈ) നം.115/2022/LSGD തീയതി-28.05.2022) പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച്

പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരം സ്കോളർഷിപ്പ് നൽകാവുന്നതും വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

.വിദ്യാർത്ഥികൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല,
.ധനസഹായം കൈമാറിയതിന്റെ UTR സ്റ്റേറ്റുമെന്റ് ലഭ്യമാക്കിയിട്ടില്ല.
.മാർഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമല്ല രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും മേൽപരാമർശിച്ച രേഖകൾ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

## 1-17-3 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ - അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് | 31/24 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ |
| അടങ്കൽ | 861000 |
| ചെലവ് | 824997 |
| വൗച്ചർ നം,തുക | 42301193/18.3.2024 – 300000<br>42301194/18.3.2024 – 300000<br>42301239/25.3.2024 – 224997 |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |

സബ്സിഡി മാർഗരേഖ(സ.ഉ.(കൈ) നം.115/2022/LSGD തീയതി-28.05.2022) പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്ക് നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ് /സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്പ് ടോപ്പ് നൽകാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. ലാപ് ടോപ് പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

.വിദ്യാർത്ഥികൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല,
.ധനസഹായം കൈമാറിയതിന്റെ UTR സ്റ്റേറ്റുമെന്റ് ലഭ്യമാക്കിയിട്ടില്ല
.ആകെ 22 ലാപ്ടോപ്പുകൾ ആണ് പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ളത്.എന്നാൽ 21 ലാപ്ടോപ്പുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും മേൽപരാമർശിച്ച രേഖകൾ, ഒരു ലാപ്ടോപ്പ് വിതരണം ചെയ്തതിന്റെ വിവരം എന്നിവ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

## 1-17 ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ പദ്ധതികൾ -അപാകതകൾ

2023-24 വർഷത്തിൽ ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 9/21.11.2024)

## 1-18 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക അനുവദിച്ചു.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ (55/24) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ തുക | 1450000 (750000 – വികസന ഫണ്ട്, 350000- ബ്ലോക്ക് പഞ്ചായത്ത്, 350000 -ജില്ലാ പഞ്ചായത്ത്) |
| ചെലവഴിച്ച തുക | 1244695 (749700- വികസന ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 350000, ജില്ലാ പഞ്ചായത്ത് വിഹിതം- 144995) |
| വൗച്ചർ നമ്പർ/ തീയതി | 42301051/06-09-2023, 526,500<br>42301066/09-10-2023, 40,500<br>42301074/13-11-2023, 124,700<br>42301117/03-01-2024, 344,000<br>42301127/12-01-2024, 15,500<br>42301130/15-01-2024, 6,000<br>42301185/13-03-2024, 144,995<br>42301218/24-03-2024, 42,500 |

മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിച്ച ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥിക്ക് സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ., തീയതി-28.05.22 ഖണ്ഡിക 7.1.6 പ്രകാരം അർഹമായതിലും അധികമായി സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ്സും സ്കൂളും | ഡേ സ്കോളർ / | ഭിന്നശേഷി സർട്ടിഫിക്കറ്റ് വിവരം | നേരിടുന്ന ശാരീരിക വെല്ലുവിളി | അർഹമായ സ്കോളർഷിപ്പ് തുക | അനുവദിച്ച സ്കോളർഷിപ്പ് തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഹോസ്റ്റലർ | | | | | |
| നാസിഹ് എൻ.എസ്. | 7-ാം ക്ലാസ്സ്, ജി.വി.എച്ച്.എസ്.എസ്, പഴഞ്ഞി | ഡേ സ്കോളർ | Unique Disability ID-KL0790020110231128 | കേൾവി ക്കുറവ് | 6600 | 24500 | 17900 |

അർഹമായതിലും അധികം തുക സ്കോളർഷിപ്പായി അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (12/22-11-24) മറുപടിയായി തൻവർഷം അധികമായി അനുവദിച്ച സ്കോളർഷിപ്പ് തുക, 2024-25 മുതൽക്കുള്ള വർഷങ്ങളിൽ നൽകുന്ന സ്കോളർഷിപ്പ് തുകയിൽ നിന്നും ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക വരുംവർഷങ്ങളിലെ സ്കോളർഷിപ്പ് തുകയിൽ ക്രമീകരിക്കുകയോ അല്ലാത്ത പക്ഷം അധികം നൽകിയ തുക ഈടാക്കി തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. മേൽവിഷയം സംബന്ധിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-19 പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പ്രോജക്ട് നമ്പർ/ പേര് | 243/24 - രോഗനിർണയ സൗകര്യം ഏർപ്പെടുത്തൽ |
| അടങ്കൽ | 918000 (ഹെൽത്ത് ഗ്രാന്റ് ) |
| ചെലവ് | 742435 |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സി.എച്ച്.സി പഴഞ്ഞിയുടെ മെയിൻ ലാബിൽ ഇൻവെർട്ടർ ഫിറ്റ് ചെയ്യുന്നതിന് വൗച്ചർ നമ്പർ-22301147/27.03.2024 പ്രകാരം 174,083 രൂപയും, സി.എച്ച്.സി പഴഞ്ഞിയുടെ മെയിൻ ലാബിൽ എയർകണ്ടീഷണർ സ്ഥാപിക്കുന്നതിന് വൗച്ചർ നമ്പർ-22301130/24.03.2024 പ്രകാരം 134,891 രൂപയും പിഡബ്ള്യുഡി ഇലക്ട്രിക്കൽ നോർത്ത് ഡിവിഷന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി പൂർത്തീകരണത്തിന്റെ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം . 18/22.11.2024)

## 1-20 മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പ്രോജക്ട് നമ്പർ/പേര് | 62/24- സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 300000 (മെയിന്റനൻസ് - റോഡിതരം) |
| ചെലവ് | 300000 |
| ബിൽ നമ്പർ/വൗച്ചർ നമ്പർ/ചെക്ക് നമ്പർ/തീയതി, തുക | 42301084/23.11.2023, 250504<br>42301108/28.12.2023, 49496 |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തീയതി, തുക | PRF 1754/18.10.2023, 250504<br>PRF 2808/27.12.2023, 49496 |

II.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പ്രോജക്ട് നമ്പർ/ പേര് | 60/24- പെയിൻ ആൻഡ് പാലിയേറ്റീവ് |
| അടങ്കൽ | 750000 (വികസന ഫണ്ട് ) |
| ചെലവ് | 692240 |
| ബിൽ നമ്പർ/വൗച്ചർ നമ്പർ/ചെക്ക് നമ്പർ/ തീയതി, തുക | 42301083/23.11.23, 212780 |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/തീയതി, തുക | PRF 2201/21.11.2023, 212780 |

മേൽ പദ്ധതികളിൽ (ക്രമ നമ്പർ.I & II ) മരുന്നുകൾ & ആശുപത്രി അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ-ന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ മരുന്നുകൾ ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഈ സാഹചര്യത്തിൽ മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ഒറിജിനൽ ഇൻവോയ്സും, സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭിക്കാത്തപക്ഷം ആയത് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്ന് ലഭ്യമാക്കി ആയതിന്റെ ഇൻവോയ്സുകളും, മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.19/22.11.2024)

## 1-21 വയോജനങ്ങൾക്ക് കട്ടിൽ - വാങ്ങലിലെ അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-ജനറൽ (59/24) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ തുക | 500000 (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 499140 |
| വൗച്ചർ നമ്പർ/തീയതി | 42301153/06-02-2024, 99,000 |

| | |
|---|---|
| | 42301169/08-02-2024, 99,000<br>42301216/24-03-2024, 99,000<br>42301217/24-03-2024, 57,000<br>42301219/24-03-2024, 88,500<br>42301229/25-03-2024, 56,640 |

സ.ഉ.(കൈ)നം. 115/2022/ത.സ്വ.ഭ.വ., തീയതി 28-05-2022 ഖണ്ഡിക 7.1.14 (2) പ്രകാരം അനുവദനീയമായ സ്പെസിഫിക്കേഷനിലുള്ള കട്ടിലുകൾ വാങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന മേൽ പ്രൊജക്ട് പ്രകാരം ആർട്ട്കോ, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 141 കട്ടിലുകൾ വാങ്ങി 141 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം ARTCO, SIDCO, KADCO എന്നീ ഏജൻസികളിൽ നിന്നും ക്വട്ടേഷൻ സ്വീകരിച്ച് ഏറ്റവും കുറവ് നിരക്ക് (3,540 രൂപ) ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നുമാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സ.ഉ.(സാധാ)നം.20/23/എസ്.പി.ഡി. തീയതി-24.02.23 നമ്പർ ഉത്തരവിന്റെ അനുബന്ധമായുള്ള പട്ടികയിൽ 1.98 മീറ്റർ നീളം 90 സെ.മീ വീതി, മുൻകാലിന് 60 സെ.മീ. നീളം, പിൻ കാലിന് 50 സെ.മീ. നീളം, 8 മി.മീ. കനം എന്നീ സ്പെസിഫിക്കേഷനിലുള്ള കട്ടിൽ ഉൾപ്പെടുന്നില്ല. പ്രസ്തുത ഉത്തരവ് ഖണ്ഡിക 4 പ്രകാരം ഈ പട്ടികയിൽ ഉൾപ്പെടാത്ത ഇനങ്ങൾ നേരിട്ട് വാങ്ങാവുന്നതല്ലെന്നും സ്റ്റോർ പർച്ചേസ് മാനുവൽ അനുശാസിക്കുന്ന പ്രകാരമുള്ള മറ്റ് വാങ്ങൽ രീതികൾ അവലംബിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന് ബാധകമായ സ.ഉ.(അ)നം.259/2010/ത.സ്വ.ഭ.വ., തീയതി 08.11.2010 പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പുവിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ രീതി അവലംബിക്കേണ്ടതായിരുന്നു. ഭാവിയിൽ നിയമാനുസൃതമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് മാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം. 13/22.11.24)

## 1-22 ലൈഫ് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം (പട്ടികജാതി)- ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ- കാട്ടകാമ്പാൽ സർക്കിൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന ലൈഫ് ഭവനപദ്ധതി മുഖേന ഭവനനിർമ്മാണത്തിനായി ഗുണഭോക്താക്കൾക്ക് 4,00,000 രൂപ വീതം ഗഡുക്കളായി ധനസഹായം നൽകിവരുന്നു. ലൈഫ് ഭവനപദ്ധതി-പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പദ്ധതിയുടെ ധനസഹായ വിതരണ രജിസ്റ്റർ പ്രകാരം മുൻ വർഷങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ഭവന നിർമ്മാണ ധനസഹായം ഗഡുക്കൾ കൈപ്പറ്റിയിട്ട് ദീർഘനാളായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ധനസഹായ വിതരണ രജിസ്റ്റർ പ്രകാരമുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരങ്ങൾ | ധനസഹായം കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ ധനസഹായം |
|---|---|---|---|
| 1 | കണ്ണൻ,പി.സി. പാലയൂർ പറമ്പിൽ, പഴഞ്ഞി | 18.03.2021 | 40,000 |
| | | 25.01.2023 | 1,60,000 |
| | | ആകെ | 2,00,000 |
| 2 | പ്രമോദ്, ചെറൂളയിൽ, പെങ്ങാമുക്ക് | 16.12.2022 | 40,000 |
| | | 16.02.2023 | 1,60,000 |
| | | ആകെ | 2,00,000 |
| 3 | പ്രസാദ്, ചെറൂളയിൽ, പെങ്ങാമുക്ക് | 16.12.2022 | 40,000 |
| | | 28.03.2023 | 1,60,000 |
| | | ആകെ | 2,00,000 |
| 4 | വിനോദ് മാളിയേക്കൽ, ചിറക്കൽ | 30.07.2021 | 40,000 |
| | | 16.02.2022 | 1,60,000 |
| | | 20.08.2022 | 1,00,000 |
| | | ആകെ | 3,00,000 |

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും മേൽ പട്ടികയിലെ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും നാളിതു വരെ മേൽ വിഷയത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല.

ലൈഫ് ഭവന പദ്ധതിയിൽ കരാറിൽ ഏർപ്പെട്ട് തൻവർഷം നടപ്പാക്കിയ ലൈഫ് മിഷൻ ഭവനനിർമ്മാണം എസ്.സി. (പ്രൊജക്ട് നമ്പർ-35/24) എന്ന പ്രൊജക്ട് പ്രകാരം ധനസഹായം കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നാളിതു വരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം കരാറിൽ ഏർപ്പെട്ട് ആറുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരങ്ങൾ | കരാറിൽ ഏർപ്പെട്ട തീയതി | ധനസഹായം കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ ധനസഹായം |
|---|---|---|---|---|
| 1 | അശ്വതി. ഇ.ആർ., എടപ്പുള്ളി, കാട്ടകാമ്പാൽ | 28.01.2023 | 30.01.2023 | 40,000 |
| | | | 15.03.2023 | 1,60,000 |
| | | | 20.06.2023 | 1,00,000 |
| | | | ആകെ | 3,00,000 |
| 2 | സന്തോഷ്.എം.കെ., മണ്ടുംപാൽ വളപ്പിൽ | 09.03.2023 | 15.03.2023 | 40,000 |
| | | | 19.02.2024 | 1,60,000 |
| | | | ആകെ | 2,00,000 |
| 3 | ഗോപി.കെ.കെ., കൊട്ടെക്കാട് വീട് | 04.07.2023 | 19.02.2024 | 40,000 |

| | | | | |
|---|---|---|---|---|
| 4 | വിനീഷ്.പി.കെ, പീക്കെപ്പുറത്ത് വീട് | 09.04.2023 | 25.05.2023 | 40,000 |
| | | | 24.01.2024 | 60,000 |
| | | | 25.01.2024 | 1,00,000 |
| | | | ആകെ | 2,00,000 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം. 10/22.11.24)

## 1-23 വീട് വാസയോഗ്യമാക്കൽ(ജനറൽ) - ധനസഹായം കൈപ്പറ്റിയെങ്കിലും വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല

1. 2023-24 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പഴഞ്ഞി സർക്കിൾ നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ (ജനറൽ) (പ്രൊജക്ട് നമ്പർ-38/24) എന്ന പ്രൊജക്ട് പ്രകാരം ഗോകുൽദാസ് വിളക്കുത്തല ഹൗസ് എന്ന ഗുണഭോക്താവിന് 50% ധനസഹായത്തുകയായ 25,000 രൂപ (വൗച്ചർ നം. 42301227/25.03.24) മുൻകൂർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതു വരെ വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (11/22.11.24) മറുപടിയായി ഭവനപുനരുദ്ധാരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2. വി.ഇ.ഒ., കാട്ടകാമ്പാൽ സർക്കിൾ നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ എസ്.സി. (37/24) എന്ന പ്രൊജക്ട് പ്രകാരം ബിജു S/O നാണു, കടവത്ത് പറമ്പിൽ എന്ന ഗുണഭോക്താവ് 50% ധനസഹായത്തുകയായ 37500 രൂപ (വൗച്ചർ നമ്പർ-42301241/25.03.24) മുൻകൂർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതു വരെ വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് അന്വേഷണം 10/22.11024)

മേൽ വിഷയങ്ങളിലെ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-24 കാലാവധി കഴിഞ്ഞ മരുന്നുകൾ ഉപയോഗിക്കുന്നു

നിർവഹണോദ്യാഗസ്ഥൻ : വെറ്റിനറി സർജൻ
പ്രോജക്ട് നമ്പർ.പേര് : 41/24, മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്-റോഡിതരം
അടങ്കൽ : 500000
ചെലവ് : 500000
വൗച്ചർ നമ്പർ

- .42301068/1.11.2023 (200000 രൂപ)
- .42301142/31.1.2024 (300000 രൂപ)

മേൽ പദ്ധതി മുഖേന വാങ്ങിയ മരുന്നുകളിൽ ചില മരുന്നുകൾ കാലാവധി കഴിഞ്ഞ ശേഷവും ഉപയോഗിക്കുന്നതായി സ്റ്റോക്ക് രജിസ്റ്റർ, മരുന്ന് ലഭ്യമായ ഇൻവോയ്സ് എന്നിവയുടെ പരിശോധനയിൽ നിന്നും ബോധ്യമായി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മരുന്നിന്റെ പേര് | ഇൻവോയ്സ് നമ്പർ | ലഭ്യമായ എണ്ണം | ഇൻവോയ്സ് പ്രകാരം മരുന്നിന്റെ കാലാവധി അവസാനിക്കുന്ന തീയതി | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കാലാവധി അവസാനിക്കുന്ന തീയതിയിൽ ബാക്കിയുള്ള മരുന്നുകൾ | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിലവിൽ ബാക്കിയുള്ള മരുന്നിന്റെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | Quinitas Injection 100 Ml | 0802301/23128 Dt 13.10.2023 | 20 | 30.4.2024 | 33 | 23 | ഇൻവോയ്സ് നമ്പർ 0802301/23193 Dt-20.1.2024 പ്രകാരം 31.5.2025 തീയതിയിൽ കാലാവധി അവസാനിക്കുന്ന 20 എണ്ണം മരുന്നുകൾ കൂടെ ലഭ്യമായിട്ടുണ്ട് |
| 2 | Barnil RTU Injection 20 Ml | 0802301/23128 Dt 13.10.2023 | 12 | 31.10.2024 | 9 | 8 | - |
| 3 | Nilbery Solution 30 Ml | 0802301/23193 Dt 20.1.2024 | 12 | 30.9.2024 | 10 | 8 | - |

മേൽ പരാമർശിച്ച മരുന്നുകൾ കൂടാതെ 30.11.2024, 31.12.2024 എന്നീ തീയതികളിൽ കാലാവധി അവസാനിക്കുന്ന എന്നാൽ സ്റ്റോക്ക് അവശേഷിക്കുന്ന യഥാക്രമം 4, 5 എണ്ണം മരുന്നുകൾ കൂടെ ഉണ്ട്. സ്റ്റോക്കിലുള്ള മരുന്നുകൾ കാലാവധി കഴിയുന്ന മുറക്ക് തന്നെ നശിപ്പിക്കേണ്ടതാണെന്നിരിക്കെ കാലാവധി കഴിഞ്ഞ മരുന്നുകൾ ഉപയോഗിച്ചതിനുള്ള വിശദീകരണം ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ കാലാവധി കഴിഞ്ഞതിനു ശേഷം ഉപയോഗിക്കുന്നില്ല എന്നുറപ്പ് വരുത്തന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 8/21.11.2024)

**1-25 സമ്പൂർണ്ണ ഭവന പദ്ധതി വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട അപാകങ്ങൾ**

തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2015-16 വർഷം സമ്പൂർണ്ണ ഭവന പദ്ധതിയ്ക്കായി എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട്നം 5/24 സമ്പൂർണ്ണ ഭവന പദ്ധതി വായ്പാതിരിച്ചടവ്, പ്രൊജക്ട് നമ്പർ 6/24 സമ്പൂർണ്ണ ഭവന പദ്ധതി പലിശ അടവാക്കൽ എന്നീ പ്രൊജക്ടുകൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. 19.08.2015 ലെ സർക്കാർ ഉത്തരവ് നമ്പർ 175/ഡിബി1/15 ത.സ്വ.ഭ.വ. പ്രകാരം തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും 1,92,00,000 രൂപ 11% പലിശ നിരക്കിൽ വായ്പയെടുത്തു ഭവന പദ്ധതി നടപ്പിലാക്കുന്നതിനു അനുമതി നല്കിയിട്ടുണ്ട്. 2023-24 വർഷത്തെ വായ്പാ തിരിച്ചടവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ/ പ്രൊജക്ടിന്റെ പേര് | അടങ്കൽ (ഫണ്ടിനം) | ചെലവ് | വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|
| 5/24- സമ്പൂർണ്ണ ഭവന പദ്ധതി വായ്പാതിരിച്ചടവ് | 20,00,000 (വികസന ഫണ്ട് - ജനറൽ) | 20,00,000 | 42301396/ 31.03.24 |
| 6/24-സമ്പൂർണ്ണ ഭവന പദ്ധതി പലിശ അടവാക്കൽ | 3,06,339 (വികസന ഫണ്ട് - ജനറൽ) | 3,06,339 (വികസന ഫണ്ട് -ജനറൽ) | 42301205/ 24.03.24 |
| | 93661 (തനത് ഫണ്ട്) | 29,673 (തനത് ഫണ്ട്) | 22300195/ 14.06.23 |

വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വായ്പ അക്കൗണ്ടിൽ പലിശ ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട അപാകം 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.1-35 ൽ പരാമർശിച്ചിട്ടുണ്ട്. 2022 ഡിസംബർ മുതലുള്ള പലിശ ഡിമാന്റ് ചെയ്യുന്നത് ബാങ്കിൽ നിന്നുള്ള കത്ത് മുഖേന ആയതിനാലും ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം പലിശ ഡിമാന്റ് ചെയ്യാത്തതിനാലും പഞ്ചായത്തിൽ നിന്നും ബാങ്കിലേക്ക് അടവാക്കുന്ന എല്ലാ തുകയും ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം അടവാക്കാനുള്ള തുകയിൽ നിന്നും കുറവ് ചെയ്യപ്പെടുന്നു.

2) വായ്പാ രജിസ്റ്റർ പ്രകാരം 2023-24 വർഷം തിരിച്ചടവാക്കിയ തുക 23,36,012 രൂപയാണ് (മുതൽ – 20,40,949, പലിശ – 2,95,063). കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് പഴഞ്ഞി ശാഖയിൽ നിന്നും മാനേജർ സെക്രട്ടറിയ്ക്കു നല്കിയ കത്ത് പ്രകാരം ഭവനവായ്പാ നമ്പർ 149760341000012 ന്റെ 2023-24 വർഷത്തിൽ നല്കേണ്ട പലിശ 2,65,390 രൂപയാണ്.
വായ്പാ തിരിച്ചടവ് രേഖപ്പെടുത്തിയതുമായി സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.
എ) ബാങ്ക് ഡിമാന്റ് ചെയ്തതിനേക്കാൾ കൂടുതൽ തുക പലിശയിനത്തിൽ അടവാക്കിയതായി വായ്പ രജിസ്റ്ററിലും വാർഷിക കണക്കിലും രേഖപ്പെടുത്തി.
ബി) പലിശ അടവാക്കാൻ രൂപീകരിച്ച പ്രൊജക്ടിൽ നിന്നും മുതൽ അടവാക്കിയതായി വായ്പ രജിസ്റ്ററിലും വാർഷിക കണക്കിലും രേഖപ്പെടുത്തി.

3) 2015 ലെ വായ്പാ അനുമതി ഉത്തരവിലെ 4-ാമത്തെ മാനദണ്ഡപ്രകാരം വായ്പാ പലിശ തുക കണ്ടത്തേണ്ടത് തനതുഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ ആണെന്ന വ്യവസ്ഥയുള്ളപ്പോൾ പലിശ തിരിച്ചടവിനായി വികസന ഫണ്ടിൽ നിന്നും 3,06,339 രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തു.

4) സമ്പൂർണ ഭവന പദ്ധതി വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട വിവിധ രേഖകൾ പരിശോധിച്ചപ്പോൾ ലോൺ രജിസ്റ്റർ, ബാങ്കു സ്റ്റേറ്റ് മെന്റ്, ബാങ്കിൽ നിന്നുള്ള കത്തുകൾ എന്നീ വ്യത്യസ്ത രേഖകൾ പ്രകാരം നാളിതു വരെ അടവാക്കിയ വായ്പ തുക പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പഞ്ചായത്തിലെ ലോൺ രജിസ്റ്റർ പ്രകാരം നാളിതു വരെ തിരിച്ചടവാക്കിയ തുക | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നാളിതു വരെ തിരിച്ചടവാക്കിയ തുക | ബാങ്കിൽ നിന്നുള്ള കത്ത് നാളിതു വരെ തിരിച്ചടവാക്കിയ തുക |
|---|---|---|---|
| മുതൽ | 18332671 | 16961412 | 18442705 |
| പലിശ | 6108956 | 7480215 | 4871900 |
| ആകെ | 24441627 | 24441627 | 23314605 |

വിവിധ രേഖകൾ പ്രകാരം വായ്പ തിരിച്ചടവ് തുക വ്യത്യാസപ്പെട്ടിരിക്കുന്നതിനും പഞ്ചായത്തിലെ ലോൺ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ആകെ അടവാക്കിയ തുകയും ബാങ്കിൽ നിന്നുള്ള കത്ത് പ്രകാരം ആകെ അടവാക്കിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നതിനും മറ്റ് അപാകങ്ങൾക്കും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ/പരിശോധനകൾ നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 02/19.11.24, 14/22.11.24)

**1-26 അഗതി രഹിത കേരളം- ആശ്രയ വിഭാഗത്തിന് വീട് റിപ്പയറിംഗ്**

| | |
|---|---|
| പ്രൊജക്ടിന്റെ പേരും/ നമ്പരും | അഗതി രഹിത കേരളം- ആശ്രയ വിഭാഗത്തിന് വീട് റിപ്പയറിംഗ് (70/24) |
| അടങ്കൽ തുക | 50,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 50,000 വൗച്ചർ നമ്പർ-22301008/28.02.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രൊജക്ട് പ്രകാരം അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് റിപ്പയറിംഗിനായി

കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സന്റെ പേരിലുള്ള അഗതി രഹിത കേരളം - 0717101066677 എന്ന കനറാ ബാങ്കിന്റെ അക്കൗണ്ടിലേക്ക് 50000 രൂപ നൽകിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പ്രകാരം 31-03-2024 ൽ 3,19,842 രൂപ നീക്കിയിരിപ്പുണ്ട്. 2017 ൽ അവസാനിക്കുന്ന അഗതി ആശ്രയ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് പ്രകാരം പട്ടികജാതി വിഭാഗത്തിലെ നാല് കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താക്കളെ അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്തൃരജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ അക്കൗണ്ടിൽ 319842 രൂപ ബാക്കി നിൽക്കുമ്പോഴും നാളിതു വരെയായി ഈ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നില്ല.മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയഓഡിറ്റ് എൻക്വയറിയ്ക്കു മറുപടി ലഭ്യമാക്കിയതിൽ തൻവർഷം തുക ചെലവഴിയ്ക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറിനം-25/23.11.24)

## 1-27 സ്രായി കടവത്ത് സോളാർ മിനിമാസ്റ്റ് ലാമ്പ് സ്ഥാപിയ്ക്കൽ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 198/24 |
| അടങ്കൽ | 82288 (വികസന ഫണ്ട്)<br>115712 (തനതുഫണ്ട്) |
| ആകെ | 1,98,000 |
| ചെലവ് | 82288<br>(വൗച്ചർ നമ്പർ-42301062/29.09.2023)<br>114062<br>(വൗച്ചർ നമ്പർ-42300506/6.11.2023) |

2022-23 വർഷം മാർച്ച് മാസം 6-ാം തീയതിയിലെ എഗ്രിമെന്റു പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പലാക്കുന്ന 113/23 പ്രോജക്ടിൽ അനർട്ടിന് 1,98,000 രൂപ ഡെപ്പോസിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിരിയ്ക്കുന്നു. അനർട്ടുമായി ഏർപ്പെട്ടിരുന്ന കരാറിലെ 12-ാംമത്തെ നിബന്ധന പ്രകാരം "ടെണ്ടർ നടപടികൾ പൂർത്തിയാക്കിസ്ട്രീറ്റ് ലൈറ്റ് സ്ഥാപിയ്ക്കുമ്പോൾ ചെലവാകുന്നതുക (വർക്ക്ഓർഡർ രുകയുംഅതിന്റെ 10% ഭരണചെലവ് ഇനത്തിലും, ഇതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകളും) പ്രൊജക്ടിനായി സ്ഥാപനം ഡെപ്പോസിറ്റ് ചെയ്ത തുകയേക്കാൾ കുറവാണെങ്കിൽ അതു കഴിച്ച് ബാക്കി തുക അനർട്ട് ഗുണഭോക്താവിനു തിരികെ നല്കുന്നതാണ്" എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അനർട്ട് പ്രവൃത്തി പൂർത്തീകരിച്ചു നല്കിയ 02.09.23-ലെ A1/12/ADMN/ANERT/TSR/2023-ാം നമ്പർ ബില്ലു പ്രകാരം ആകെ ചെലവ് 1,96,350 രൂപയായതിനാൽ അധികം നല്കിയ 1650 രൂപ തിരികെ പഞ്ചായത്തിനു ലഭ്യമായിട്ടുണ്ടോ എന്നവിവരം ഓഡിറ്റിനെ അറിയിയ്ക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയ്ക്ക് പ്രസ്തുത തുക ലഭിയ്ക്കുന്നതിന് അനർട്ടിനു കത്തു നല്കുമെന്നറിയിച്ചിട്ടുണ്ട്. തുക അധികം നല്കിയിട്ടുണ്ടെങ്കിൽ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-5/24 തീയതി-20.11.24

## 1-28 ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേരും/നമ്പരും | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ<br>തുക കൈമാറിയ ഉദ്യോഗസ്ഥന്റെ പേരും ഓഫീസും |
|---|---|---|---|---|
| 1) | മൂലേപ്പാട്- എസ്.സി. ഫ്ലാറ്റ് പരിസരത്ത് കുഴൽകിണർ നിർമ്മാണം<br>പ്രോജക്റ്റ് നമ്പർ - 261/24 | 75000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 75000 | വൗച്ചർ നമ്പർ-42301385/31.03.2024<br>ജില്ലാ ഓഫീസർ, ഭൂഗർഭ ജലവകുപ്പ്, അയ്യന്തോൾ, തൃശ്ശൂർ |
| 2 | പ്രോജക്റ്റ് നമ്പർ-262/24. ന്യൂ റോഡ്-ഐനൂർ | 75000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 75000 | വൗച്ചർ നമ്പർ-42301386/31.03.2024<br>ജില്ലാ ഓഫീസർ, ഭൂഗർഭ |

| | | | | |
|---|---|---|---|---|
| | കുടിവെള്ള പദ്ധതിയ്ക്ക് കുഴൽ കിണർ നിർമ്മാണം (ബോർവെൽ) | | | ജലവകുപ്പ്, അയ്യന്തോൾ, തൃശ്ശൂർ |
| 3. | പ്രോജക്റ്റ് നമ്പർ - 209/24<br>ഗതാഗത തടസ്സം സൃഷ്ടിയക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 1,21,000 | 21000/-(വി.ഫ)<br>99851(ത.ഫ)/-<br>--------<br>120851 | വാർഡ് നമ്പർ – 3<br>21000<br>വൗച്ചർ നമ്പർ-42301109/29.12.2024<br>99851<br>വൗച്ചർ നമ്പർ-42301384/31.03.2024<br><br>അസിസ്റ്റന്റ് എഞ്ചിനീയർ,KSEB, ഇലക്ട്രിക്കൽ സെക്ഷൻപഴഞ്ഞി. |
| 4 | പ്രോജക്റ്റ് നമ്പർ-207/24<br>പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിയക്കൽ | 26408/-(വി.ഫ.-എസ്.സി.) | 26408 | 26408/-<br>വൗച്ചർ നമ്പർ-42301383/03.03.2024)<br><br>അസിസ്റ്റന്റ് എഞ്ചിനീയർ,KSEB, ഇലക്ട്രിക്കൽ സെക്ഷൻപഴഞ്ഞി. |
| 5 | പ്രോജക്റ്റ് നമ്പർ-15/24<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയക്കൽ | 527500 (ധനകാര്യകമ്മീഷൻ ഗ്രാന്റ്- | 181150 | (വൗച്ചർ നമ്പർ-42301381/ 31.03.2024)<br>അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, ഇലക്ട്രിക്കൽ സെക്ഷൻപഴഞ്ഞി. |

മേൽ സൂചിപ്പിച്ച പ്രോജക്റ്റുകളുടെ ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നല്കിയസ്ഥാപനങ്ങളുമായി കരാർ വച്ചതിൽ എസ്റ്റിമേറ്റിൽ പൂർത്തീകരണ കാലാവധി സൂചിപ്പിച്ചിട്ടില്ല, പ്രവൃത്തി പൂർത്തീകരിച്ചിട്ടുമില്ല. ഇതുമൂലം സ്ഥാപനത്തിനെതിരായി നിയമപരമായി നടപടി സ്വീകരിയ്ക്കുന്നതിനു പഞ്ചായത്തിനു സാധിയ്ക്കാതെ വരുന്നു. 09/03/2023 ലെസ.ഉ. നമ്പർ3 8/2023/ധന(എഫ് സി എ സെൽ എ) സർക്കാർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് അതതു വർഷം നല്കിയ തുക ഉപയോഗിച്ചില്ല എങ്കിൽ തിരികെ സഞ്ചിത നിധിയിൽ അടയ്ക്കേണ്ടതാണ് എന്നും അല്ലാത്തപക്ഷം അടുത്തവർഷത്തെ ഫണ്ടിൽനിന്നും കുറവു വരുത്തുമെന്ന് ഉത്തരവുണ്ട്. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ എൻക്വയറിയ്ക്ക് മറുപടിയായി കെഎസ്ഇബിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയവ ഒഴികെ മുകളിൽ സൂചിപ്പിച്ച തുകകൾക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നമുറയ്ക്ക് ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം-3/24തീയതി-19.11.2024)

**1-29 ധനവിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല**

| ക്രമ നമ്പർ | പ്രോജക്ട്നമ്പർ, അടങ്കൽതക, പ്രോജക്ടിന്റെ പേര് | ചെലവു തുകയും വൗച്ചർനമ്പരും |
|---|---|---|
| 1 | 3/24, | 80,000 |

| | | |
|---|---|---|
| | 80,000<br>ധനകാര്യക്കമ്മീഷൻ ഗ്രാന്റ്<br>ഐകെഎം വിഹിതം നല്കൽ | (വൗച്ചർ നമ്പർ-42301262/31.3.24) |
| 2 | 274/24,<br>9,00,000<br>വികസനഫണ്ട്<br>ഐകെഎം മെമ്പർ ഷിപ്പ് ഫീ | 9,00,000 (വൗച്ചർ നമ്പർ-42301268/31.03.2024) |
| 3 | 34/24<br>1,00,000<br>വികസനഫണ്ട്<br>കോക്ലിയർ ഇംപ്ലാന്റേഷൻ | 1,00,000<br>വൗച്ചർ നമ്പർ-42301110/29.12.23<br>50,000/-അയ്വിൻ കെ. ബിജു<br>50,000/-അധിൻ കെ. ബിജു |
| 4 | 17/24<br>1,25,000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>കാൻ തൃശ്ശൂർ-ജില്ലാ പഞ്ചായത്ത് വിഹിതം | 86317-28075 (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചത്)<br>=58242<br>വൗച്ചർ നമ്പർ-42301262/31.03.24 |
| 5 | 188/24<br>1,00,000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>കാൻ തൃശ്ശൂർ-ജില്ലാ പഞ്ചായത്ത് വിഹിതം | 41758<br>വൗച്ചർ നമ്പർ-42301262/31.03.24 |

മേൽ പ്രോജക്റ്റുകളിലെ ചെലവു തുകകളുടെ കൈപ്പറ്റ് രസീത് /ധനവിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയിൽ പ്രസ്തുത സാക്ഷ്യപത്രം ലഭിയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിയ്ക്കുമെന്നറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം-5/24, തീയതി 20.11.2024

## <u>1-30 നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ വെറ്റിംഗ് നടത്തി-മാർഗ്ഗരേഖയ്ക്കു വിരുദ്ധം</u>

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 225/24, എം സി എഫ് ലേക്ക് വെയിംഗ് മെഷീൻ വാങ്ങൽ |
| അടങ്കൽ | 15,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 15,000 (വൗച്ചർ നമ്പർ- 42301392/31.03.2024) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

എം സി എഫ് കെട്ടിടത്തിലേയ്ക്ക് വെയിംഗ് മെഷീൻ വാങ്ങുന്നതിനായി 15,000 രൂപ വകയിരുത്തി സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്റ്റാണിത്. ഇതുപ്രകാരം മാസ്റ്റർ ഇലക്ട്രോണിക് സിസ്റ്റംസ് എന്നസ്ഥാപനത്തിന്റെ ക്വട്ടേഷൻ ജി എസ് റ്റി ഉൾപ്പടെ 15222 രൂപയ്ക്ക് (ടാക്സ് ഇൻവോയ്സ് നമ്പർ-W-054)അംഗീകരിച്ച് വെയിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. അടങ്കലിൽ അധികമായ തുക 222 രൂപ തനതുഫണ്ടിൽ നിന്നും നല്കുന്നതിനു 13.02.2024-നു രണ്ടാം നമ്പർ തീരുമാനം ആയി ഭരണസമിതി അനുമതി നല്കിയിട്ടുണ്ട്. പ്രോജക്റ്റു നടത്തിപ്പിലെ അപാകം ചുവടെ ചേർക്കുന്നു.

19.04.2024ലെ സ.ഉ(കൈ)നം84/2022/ത.സ്വ.ഭ.വ., പദ്ധതി രൂപീകരണ മാർഗ്ഗ രേഖ 3.8.1(3) നിബന്ധന പ്രകാരം ഒരു പ്രോജക്ടിനു യാതൊരു കാരണവശാലും ആ പ്രോജക്റ്റ് നിർവ്വഹണം നടത്താൻ ചുമതലപ്പെട്ടയാൾ തന്നെ അംഗീകാരം നല്കാൻ പാടില്ല. അതായത് പ്രോജക്റ്റ് അംഗീകരിയ്ക്കുന്ന ഉദ്യോഗസ്ഥനും നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥനും ഒരാളാകാൻ പാടില്ല. പ്രസ്തുത പ്രോജക്റ്റിനു നിർവ്വഹണാധികാരി തന്നെ അംഗീകാരം നല്കിയിട്ടുണ്ട്. ഇതു മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്.

അപാകങ്ങൾക്കു മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ വെയിംഗ് മെഷീന്റെ വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനയ്ക്കു ഹാജരാക്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ വെറ്റു ചെയ്തത് സാമ്പത്തിക വർഷാവസാനമായതിനാൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനു കാലതാമസം വരാതിരിക്കാനാണെന്നാണ്. ഈ മറുപടി അംഗീകരിയ്ക്കുന്നില്ല. ഭാവിയിൽ ഇത്തരം നടപടിക്രമങ്ങൾ മാർഗ്ഗരേഖ പ്രകാരം ചെയ്യുന്നതിനു ശ്രദ്ധിയ്ക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്

ഓഡിറ്റ് എൻക്വയറി നം-4/24, തീയതി -19.11.2024

## 1-31 വയോജനങ്ങൾക്ക് കട്ടിൽ വിതരണം- എസ്.സി.- വാങ്ങലിലെ അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-എസ്.സി. (79/24) |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 136800 (വികസന ഫണ്ട്- എസ്.സി.പി.) |
| ചെലവഴിച്ച തുക | 70800 (വൗച്ചർ നമ്പർ-42301189/16.03.2024) |

1. സ.ഉ.(കൈ)നം. 115/2022/ത.സ്വ.ഭ.വ., തീയതി 28.05.2022 ഖണ്ഡിക 7.1.14 (2) പ്രകാരം അനുവദനീയമായ സ്പെസിഫിക്കേഷനിലുള്ള കട്ടിലുകൾ വാങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന മേൽ പ്രൊജക്ട് പ്രകാരം ആർട്ട്കോ, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 20 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം ARTCO, SIDCO, KADCO എന്നീ ഏജൻസികളിൽ നിന്നും ക്വട്ടേഷൻ സ്വീകരിച്ച് ഏറ്റവും കുറവ് നിരക്ക് (3,540 രൂപ) ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നുമാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സ.ഉ.(സാധാ)നം. 20/23/എസ്.പി.ഡി. തീയതി-24.02.23 നമ്പർ ഉത്തരവിന്റെ അനുബന്ധമായുള്ള പട്ടികയിൽ 1.98 മീറ്റർ നീളം, 90 സെ.മീ വീതി, മുൻകാലിന് 60 സെ.മീ. നീളം, പിൻ കാലിന് 50 സെ.മീ. നീളം, 8 മി.മീ. കനം എന്നീ സ്പെസിഫിക്കേഷനിലുള്ള കട്ടിൽ ഉൾപ്പെടുന്നില്ല. പ്രസ്തുത ഉത്തരവ് ഖണ്ഡിക 4 പ്രകാരം ഈ പട്ടികയിൽ ഉൾപ്പെടാത്ത ഇനങ്ങൾ നേരിട്ട് വാങ്ങാവുന്നതല്ലെന്നും സ്റ്റോർ പർച്ചേസ് മാനുവൽ അനുശാസിക്കുന്ന പ്രകാരമുള്ള മറ്റ് വാങ്ങൽ രീതികൾ അവലംബിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന് ബാധകമായ സ.ഉ.(അ)നം.259/2010/ത.സ്വ.ഭ.വ., തീയതി 08.11.2010 പ്രൊക്യുർമെന്റ് മാനുവൽ പ്രകാരം 25000 രൂപ മുതൽ 1,00,000 രൂപ വരെ മതിപ്പുവിലയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ രീതിയാണ് അനുവർത്തിക്കേണ്ടത്. ടി പ്രൊജക്ടിലെ രേഖപ്പെടുത്തലുകൾ പ്രകാരം പ്രൊജക്ട് നിർവ്വഹിക്കേണ്ടത് ടെണ്ടർ മുഖേനയാണ്. അതിന് പകരം അംഗീകൃത ഏജൻസികളിൽ നിന്നു മാത്രം ക്വട്ടേഷൻ സ്വീകരിച്ച് നേരിട്ട് വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. വാങ്ങൽ നടപടിക്രമം പാലിയ്കാതിരുന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കാനും മേൽ പ്രൊജക്ട് മുഖേന 20 കട്ടിലുകൾ വാങ്ങിയിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 18 പേർ മാത്രമാണ് കട്ടിലുകൾ കൈപ്പറ്റിയിട്ടുള്ളതിനാൽ 2 കട്ടിലുകൾ വിതരണം ചെയ്യാതിരുന്നതിന്റെ കാരണം അറിയിക്കാനാവശ്യപ്പട്ടും നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/24 തീയതി-23.11.24 ന് ലഭ്യമാക്കിയ മറുപടിയിൽ കുറഞ്ഞനിരക്കു രേഖപ്പെടുത്തിയ ARTCO പാലക്കാട് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയതിനാലാണ് വാങ്ങൽ പ്രവൃത്തി നടത്തിയതെന്നും നിശ്ചിത സ്പെസിഫിക്കേഷനിലുള്ള കട്ടിലുകൾ വാങ്ങുന്നതു സംബന്ധിച്ച അപാകതകൾ മേലിൽ ആവർത്തിക്കില്ല എന്നും അപാകതകൾ പരിഹരിയ്ക്കുന്നതിനു ശ്രദ്ധിയ്ക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.ഭാവിയിൽ മേലപാകങ്ങൾ ആവർത്തിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. വിതരണം ചെയ്യാത്ത രണ്ടു കട്ടിലുകളുടെ ഗുണഭോക്താക്കൾ കൈപ്പറ്റുന്നതിനു എത്താത്തതിനാലാണെന്നും എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കട്ടിലുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്.

## 1-32 സി.എച്ച്.സി യിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പ്രോജക്ട് നമ്പർ/ പേര് | 244/24- കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് വെൽനെസ്സ് സൗകര്യം ഏർപ്പെടുത്തൽ |
| അടങ്കൽ | 385000 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 312480 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കുട്ടികളുടെ പാർക്കിലേക്ക് വൗച്ചർ നം.22301136/26.03.2024 പ്രകാരം 80540

രൂപ ചെലവഴിച്ച് ARTCO യിൽ നിന്നും ചുവടെ പറയുന്ന സാമഗ്രികൾ വാങ്ങിയിട്ടുണ്ട്.

| സാമഗ്രി | ആകെ തുക (GST അടക്കം) |
|---|---|
